കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ശ്രീമാൻ തമ്പാൻ തോമസ് അഡ്വക്കേറ്റ് എറണാകുളം എന്ന അനൗദ്യോഗിക അംഗത്തെ.

(ബി) ഇല്ല.

(സി) ഒരു ഗവൺമെൻറ് ഉദ്യോഗസ്ഥനായ അഡീഷണൽ സെക്രട്ടറി കോർപ്പറേഷൻറെ ചെയർമാൻ സ്ഥാനം ഏറെടുത്താൽ വേണ്ടത്ര സമയം കോർപ്പറേഷൻറെ കാര്യങ്ങൾ നോക്കാൻ കിട്ടുകയില്ല. ഒരു അനൗദ്യോഗിക അംഗത്തെ ചെയർമാനാക്കിയാൽ അദ്ദേഹത്തിന് കൂടുതൽ സമയം കോർപ്പറേഷൻറെ കാര്യക്ഷമതയ്ക്കുവേണ്ടി ചെലവാക്കാൻ സാധിച്ചേക്കുമെന്നു ഗവൺമെൻറിനു തോന്നിയതിനാൽ ശ്രീമാൻ തമ്പാൻ തോമസിനെ നിയമിച്ചതാണ്.

തോട്ടമുടമകൾ അനധികൃതമായി കയ്യടക്കിവച്ചിരിക്കുന്ന ഭൂമികൾ

* 202. [729] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടമുടമകൾ അനധികൃതമായി കയ്യടക്കിവച്ചിരിക്കുന്ന ഭൂമികൾ ഒഴിപ്പിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു പറയുമോ;

(ബി) ഏതെങ്കിലും തോട്ടമുടമ അനധികൃതമായി സർക്കാർ ഭൂമി കയ്യടക്കിവച്ചിട്ടുണ്ടെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെല്ലാം;

(ഡി) പരാതിയിൻമേൽ എന്തുനടപടി സ്വീകരിച്ചു?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) എസ്റ്റേറ്റുടമകൾ അനധികൃതമായി കൈവശംവച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ വിശദവിവരങ്ങൾ അറിഞ്ഞുവേണ്ട നടപടികളെടുക്കുവാൻ റവന്യൂബോർഡിലെ നാലാംമെമ്പറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പത്തനാപുരം താമരപ്പള്ളി റബ്ബർ കമ്പനിവക മാളിയേക്കൽ എസ്റ്റേറ്റ് ഉടമയുടെ കൈവശം ഏതാനും പുതുവൽ ഭൂമിയുള്ളതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) എസ്റ്റേറ്റുടമയുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനു കൊല്ലം കളക്ടർക്കും പത്തനാപുരം തഹശീൽദാർക്കും വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ജനസംഘവുമായി ബന്ധപ്പെട്ട സംഘട്ടനങ്ങൾ

* 203. [730] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ജനുവരിക്കുശേഷം മലബാറിൽ ജനസംഘം ഇടപെട്ടുള്ള സംഘട്ടനങ്ങൾ വല്ലതും നടന്നോ?

(ബി) തിരൂർ നടന്ന സംഭവത്തിൽ എത്രപേർ മരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്ങിനെയാണ് അവർ മരണപ്പെട്ടത്?

(ഡി) ഈ സംഭവത്തിനു ഉത്തരവാദി ആരാണ്?

(ഇ) ഇത്രയും ഗൗരവമായ പ്രശ്നത്തിൽ ഒരു പരസ്യാന്വേഷണം നടത്താൻ ഗവൺമെൻറു തയ്യാറാവാത്തത് എന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ)

(എ) ഉവ്വ്.

(ബി) 2 പേർ.

(സി) അവർ ശ്വാസംമുട്ടിയാണ് മരിച്ചത്.

(ഡി) ഇതുസംബന്ധിച്ചു കേസ്സു അന്വേഷണത്തിലിരിക്കുകയാണ്.

(ഇ) ഡിസ്ട്രിക്റ്റ് കളക്ടർ ഒരു അന്വേഷണം നടത്തുന്നതുകൊണ്ട് ഒരു പരസ്യാന്വേഷണം വേണമെന്നു തോന്നുന്നില്ല.

UNSTARRED QUESTIONS AND ANSWERS

സംസ്ഥാന ലാകമ്മീഷനിൽ നിയമനം

51. [645] ശ്രീ. എ. എസ്. പുരുഷോത്തമൻ:
,, വി. വി. കുഞ്ഞാമ്പു:
,, എസ്. ദാമോദരൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, ഈ. വി. കുമാരൻ:
,, എം. കെ. കൃഷ്ണൻ:
,, എ. പി. കുര്യൻ:
,, എൻ. വാസുദേവൻ പിള്ള:
,, പാലൊളി മുഹമ്മദുകുട്ടി:
,, വി. വി. ദക്ഷിണാമൂർത്തി:
,, ടി. കെ. രാമകൃഷ്ണൻ:
,, പി. പി. കൃഷ്ണൻ:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, സി. ഗോവിന്ദപ്പണിക്കർ:
,, എം. കെ. എ. ഹമീദ്:
,, ഈ കെ. ഇമ്പിച്ചിബാവ:
,, ഈ. എം. ജോർജ്:
,, എ. വി. ആര്യൻ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ലാ കമ്മീഷനിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ഉത്തരം

സംസ്ഥാന ലാ കമ്മീഷൻ 16–3–1968 മുതൽ നിലവിലില്ല. അതിനാൽ സംസ്ഥാന ലാ കമ്മീഷനിൽ നിയമനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly